LIBRARY ARCHIVES Kerala Legislative Assembly

ട്രോളിംഗ് നിരോധന ലംഘന കേസ്സുകൾ

134 [1937] ശ്രീ. സി. ടി. അഹമ്മദ് അലി:

,, പി. കെ. കെ. ബാവ:

,, സി. മമ്മുട്ടി:

,, കെ. എൻ. എ. ഖാദർ:

,, ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രോളിംഗ് ലംഘിച്ച് മത്സ്യബന്ധനം നടത്തിയ എത്ര കേസ്സുകൾ ഈ വർഷം റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ബി) നിരോധനം ലംഘിച്ചവരും പരമ്പരാഗത മത്സ്യത്തൊഴിലാളികളും തമ്മിൽ സംഘർഷം ഉണ്ടായിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമാണ്?

ഉത്തരം

(എ) ഈ വർഷം ഇതുവരെ ട്രോളിംഗ് നിരോധനം ലംഘിച്ചതായി കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല.

(ബി) ഇല്ല.

വാഹനങ്ങൾ തിരിച്ചുകൊടുക്കുന്ന നടപടി

135 [1938] ശ്രീ. ടി. പി. രാമകൃഷ്ണൻ:

,, സാജു പോൾ:

,, പി. സി. ജോർജ്ജ്:

,, കോടിയേരി ബലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നും സംസ്ഥാനത്തിനകത്തേയ്ക്ക് സ്പിരിറ്റ് കടത്തിയതു സംബന്ധിച്ച് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര വാഹനങ്ങൾ കസ്റ്റഡിയിലെടുത്തിട്ടുണ്ട്;

(ബി) പോലീസ് വകുപ്പും എക്സൈസ് വകുപ്പും കസ്റ്റഡിയിലെടുത്ത എത്ര വാഹനങ്ങൾ തിരിച്ചു കൊടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 98 (തൊണ്ണൂറ്റിയെട്ട്) വാഹനങ്ങൾ കസ്റ്റഡിയിലെടുത്തിട്ടുണ്ട്.

(ബി) സ്പിരിറ്റ് കടത്തുമായി ബന്ധപ്പെട്ട് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ കസ്റ്റഡിയിലെടുത്ത വാഹനങ്ങൾ യാതൊന്നും തന്നെ വിട്ടുകൊടുത്തിട്ടില്ല.